# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം


**കെ. എൻ. വേണുഗോപാലൻ കർത്ത**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**


പി.ആർ.ഒ/35/262/2016 പത്രക്കുറിപ്പ് 2016 ഡിസംബർ 08

പരീക്ഷാ തീയതി
മൂന്നാം വർഷ ബി.എസ്.സി എം.എൽ.ടി (2013 അഡ്മിഷൻ റഗുലർ/ 2008-2012 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ 2017 ജനുവരി 4 ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ ഡിസംബർ 16വരെയും 50 രൂപ പിഴയോടെ ഡിസംബർ 17വരെയും 500 രൂപ സൂപ്പർഫൈനോടെ ഡിസംബർ 20വരയും സ്വീകരിക്കും. അപേക്ഷകർ ഒരു പേപ്പറിനു 20 രൂപാ നിരക്കിൽ സി.വി ക്യാംപ് ഫീസ് നിശ്ചിത പരീക്ഷാ ഫീസിനു പുറമേ അടക്കണം.
അഫിലിയേറ്റഡ് കോളജുകളിലെ രണ്ടാം സെമസ്റ്റർ ത്രിവത്സര എൽ എൽ ബി ആറാം സെമസ്റ്റർ പഞ്ചവത്സര എൽ എൽ ബി പരീക്ഷകൾ 2017 ജനുവരി 18ന് ആരംഭിക്കും.അപേക്ഷകൾ പിഴകൂടാതെ ഡിസംബർ 16 വരെയും 50 രൂപ പിഴയോടെ ഡിസംബർ17 വരെയും 500 രൂപ സൂപ്പർഫൈനോടെ ഡിസംബർ 20വരെയും സ്വീകരിക്കും. റഗുലർ അപേക്ഷകർ 100 രൂപയും വീണ്ടും എഴുതുന്നവർ ഒരു പേപ്പറിനു 20 രൂപയും (പരമാവധി 100)സി.വി ക്യാംപ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിനു പുറമേ അടക്കണം.

അഫിലിയേറ്റഡ് കോളജുകളിലെ അഞ്ചാം സെമസ്റ്റർ (2015ന് മുൻപുള്ള അഡ്മിഷൻ) ബിഎ ക്രിമിനോളജി, എൽഎൽബി (ഓ ണേഴ്സ്), ബിബിഎ എൽ എൽ ബി (ഓണേഴ്സ്), ബികോം എൽ എൽ ബി (ഓണേഴ്സ്) പരീക്ഷകൾ 2017 ജനുവരി 13ന് ആരംഭിക്കും.അപേക്ഷകൾ പിഴകൂടാതെ ഡിസംബർ 16 വരെയും 50 രൂപ പിഴയോടെ ഡിസംബർ17 വരെയും 500 രൂപ സൂപ്പർഫൈനോടെ ഡിസംബർ 20വരെയും സ്വീകരിക്കും. റഗുലർ അപേക്ഷകർ 100 രൂപയും വീണ്ടും എഴുതുന്നവർ ഒരു പേപ്പറിനു 20 രൂപയും (പരമാവധി 100)സി.വി ക്യാംപ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിനു പുറമേ അടക്കണം.

7ാം സെമസ്റ്റർ ബി.ടെക് (പഴയ സ്കീം) വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ''ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് എക്സ്പേർട്ട് സിസ്റ്റം'' എലക്ടീവ് വൺ പേപ്പറിന്റെ പരീക്ഷ ഡിസംബർ 20ന് രാവിലെ 9.30മുതൽ 12.30 വരെ നടക്കും.

പുതുക്കിയ പരീക്ഷാതീയതി
ഡിസംബർ 6ന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ ഒന്നാം സെമസ്റ്റർ സിബിസിഎസ്എസ് യുജി (2016 അഡ്മിഷൻ റഗുലർ, 2013 മുതലുള്ള റീ അപ്പിയറൻസ് / സപ്ലിമെന്ററി ) പരിക്ഷകൾ ഡിസംബർ 15നും, മൂന്നാം സെമസ്റ്റർ ബി ആർക് (2015 അഡ്മിഷൻ റഗുലർ/2014 അഡ്മിഷൻ ഇംപ്രൂവ്മെന്റ് , സപ്ലിമെന്ററി/ 2011-2013 അഡ്മിഷൻ സപ്ലിമെന്ററി) 9ാം സെമസ്റ്റർ (2012 അഡ്മിഷൻ റഗുലർ/ 2011 അഡ്മിഷൻ ഇംപ്രൂവ് മെന്റ്/സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 19നും, 7ാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (പുതിയ സ്കീം-2013 അ ഡ്മിഷൻ റഗുലർ/2010-2012 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) / ( പഴയ സ്കീം- 2009 അഡ്മിഷൻ സപ്ലിമെന്ററി/ 1997-2001, 2002-2008അഡ്മിഷൻ മേഴ്സി ചാൻസ്), മോഡൽ ഒന്ന് ബിഎ/ബിഎസ്സി/ബി കോം പാർട്ട് 3 മെയിൻ (വാർഷിക സ്കീം) പരിക്ഷകൾ ഡിസംബർ 23നും, 4ാം വർഷ ബി.ഫാം ഡിഗ്രി (റഗു ലർ/സപ്ലിമെന്ററി) പരീക്ഷകൾ 2017 ജനുവരി 4നും 3ാം സെമസ്റ്റർ എംബിഎ (2015 അഡ്മിഷൻ റഗു ലർ/2012-2014 അഡ്മിഷൻ/സപ്ലിമെന്ററി) പരീക്ഷകൾ 2017 ജനുവരി 23 നും നടക്കും

പ്രാക്ടിക്കൽ പരീക്ഷ
2016 ഒക്ടോബർ/ നവംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്.സി കംപ്യൂട്ടർ സയൻസ് (സി.ബി.സി.എസ്.എസ്) റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 15 മുതൽ അത ത് കോളേജുകളിൽ നടത്തും.വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

പരീക്ഷാഫലം

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ പോളിമർ കെമിസ്ട്രി (സി എസ് എസ് റഗുലർ/ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 19 വരെ സ്വീകരിക്കും.

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി മെറ്റീരിയൽ സയൻസ് പിജിസിഎസ്എസ് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 19 വരെ സ്വീകരിക്കും.

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി ഫുഡ് സയൻസ് ആന്റ് ടെക്നോളജി (സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പിജിസിഎസ്എസ പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 19 വരെ സ്വീകരിക്കും.

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി കംപ്യൂട്ടർ സയൻസ് സിഎസ്എസ് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 19 വരെ സ്വീകരിക്കും.

2016 സെപ്റ്റംബറിൽ നടത്തിയ രണ്ട് / ഫൈനൽ വർഷ മാസ്റ്റർ ഓഫ് സയൻസ് ഇൻ മെഡിക്കൽ മൈക്രോബയോളജി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. അലീനാ മാത്യൂ (677/1000), ശ്രീകുമാർ. കെ (667/1000), ഫാത്തിമത് സുഹ്റ (630/1000) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 22 വരെ സ്വീകരിക്കും.

2016 ആഗസ്റ്റിൽ നടത്തിയ മൂന്ന്/ഫൈനൽ വർഷ മാസ്റ്റർ ഓഫ് സയൻസ് ഇൻ മെഡിക്കൽ അനാട്ടമി (സപ്ലിമെന്ററി)പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 22 വരെ സ്വീകരിക്കും.

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി അപ്ലൈഡ് മൈക്രോബയോളജി(പിജിസിഎസ്എസ്) ഡിഗ്രി, 2016 ജൂണിൽ നടത്തിയ നാല്/ഫൈനൽ സെമസ്റ്റർ എം.എസ്സി അപ്ലൈഡ് മൈക്രോബയോളജി (പിജിസിഎസ്എസ്) ഡിഗ്രി പരീക്ഷകളുടേയും ഫലം പ്രസിദ്ധപ്പെടുത്തി. ഫൈനൽ സെമസ്റ്റർ എം.എസ്സി അപ്ലൈഡ് മൈക്രോബയോളജി പരീക്ഷയിൽ പാലാ സെന്റ് തോമസ് കോളേജ് സെന്ററിലെ നവമി കൃഷ്ണ, മഞ്ജരി ജെ നായിക്, ഗ്രീഷ്മ ആർ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 22 വരെ സ്വീകരിക്കും

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് (പിജിസിഎസ്എസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 22 വരെ സ്വീകരിക്കും.

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി കെമിസ്ട്രി (സിഎസ്എസ് റഗുലർ / സപ്ലിമെന്ററി)പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 22 വരെ സ്വീകരിക്കും.

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി അനലിറ്റിക്കൽ കെമിസ്ട്രി (സിഎസ്എസ് റഗുലർ / സപ്ലിമെന്ററി)പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 22 വരെ സ്വീകരിക്കും.

മഹാത്മാ യൂണിവേഴ്സിറ്റിയിൽ ത്രിദിന അന്തർ ദേശീയ പോളിമർ കോൺഫറൻസ്, ഡിസംബർ 9 മുതൽ

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ. അന്തർദേശീയ ത്രിദിന കോൺഫറൻസ്, ഡിസംബർ 9,10,11 തീയതികളിലായി, സ്ക്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. പോളിമർ പ്രോസസിംഗും, ക്യാരക്ടറൈസേഷനും, മുഖ്യ പ്രമേയമായ കോൺഫറൻസിൽ, ലോക പ്രശസ്തരായ 100ൽ അധികം പോളിമർ സയന്റിസ്റ്റുകൾ പങ്കെടുക്കുന്നു. ''കെപിപിസി 2016'' എന്നു പേരുള്ള കോൺഫറൻസ് 9–ാം തീയതി രാവിലെ 9ന് വൈസ്ചാൻസിലർ ആദരണീയനായ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും. പ്ലിനറി പ്രഭാഷണങ്ങൾ, ഷോർട്ട് ഇൻവൈറ്റഡ് പ്രഭാഷണങ്ങൾ, ബ്രെയിൻ സ്റ്റോമിംഗ് സെക്ഷനുകൾ, പോസ്റ്റർ പ്രദർശനങ്ങൾ മുതലായവ ഉണ്ടായിരിക്കുന്നതാണ്. ഗവേഷകരും, വ്യവസായികളുമായുള്ള സംവാദം, ഈ കോൺഫറൻസിന്റെ പ്രത്യേകതയാണ്. പ്രൊഫ: സാബുതോമസ്, ഡോ. നന്ദകുമാർ കളരിക്കൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകും. യൂണിവേഴസിറ്റിയിലുള്ള ഇന്റർനാഷണൽ യൂണിറ്റ് ഓൺ മാക്രോ മോളികുലർ സയൻസ് ആന്റ് എഞ്ചിനിയറിംഗ് ആണ് കോൺഫറൻസിന്റെ സംഘാടകർ

## ഗവേഷണം തനിമയുള്ളതും സാമൂഹ്യ നീതിബോധം ഉള്ളതുമാകണം- പ്രൊഫ.സി.രവീന്ദ്ര നാഥ്

സർവ്വകലാശാലകളിൽ നടക്കുന്ന ഗവേഷണം അക്കാദമിക തനിമയുള്ളതും സാമൂഹിക പ്രശ്നങ്ങളുടേയും നീതിബോധത്തിന്റെയും അടിസ്ഥാനത്തിലുള്ളതും ആയിരിക്കണമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ആരംഭിക്കുന്ന ബിസിനസ്സ് ഇൻകുബേഷൻ ആന്റ് ഇന്നൊവേഷൻ സെന്ററിന്റെയും നാനോസ്കെയിൽ സോളാർ സെൽസ് പദ്ധതിയുടെയും ഉദ്ഘാട നവും സയൻസ് പാർക്കിന്റെ ശിലാസ്ഥാപനവും സർവ്വകലാശാല അസംബ്ലിഹാളിൽ നിർവ്വഹിച്ചു സംസാരി ക്കുകയായിരുന്നു അദ്ദേഹം. ഗവേഷണം ഗവേഷണത്തിനുവേണ്ടി മാത്രമാവരുത്. സമൂഹത്തെ മുന്നോട്ട് നയിക്കുന്നതാവണം. ഉദാഹരണമായി കേരളത്തിൽ ഇന്ന് ലഭിക്കുന്ന മഴ എങ്ങനെ പരമാവധി ഉപയുക്തമാ ക്കാം. ജനിതകമാറ്റം വരുത്തിയ വിത്തുകൾക്കു പകരം പരമ്പരാഗതമായ വിത്തുകൾ ഉപയോഗിച്ച് കൃഷി ചെയ്ത് എങ്ങനെ ഉല്പാദനം വർദ്ധിപ്പിക്കാം തുടങ്ങിയ മേഖലകളിൽ ഗവേഷണം നടക്കണം. സമൂഹത്തി ന്റെ പ്രശ്നങ്ങളിൽ ഇടപെട്ട് അക്കാദമികതലത്തിൽ പ്രശ്നപരിഹാരത്തിനാണ് സർവ്വകലാശാലകൾ ശ്രമി ക്കേണ്ടത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ എല്ലാ പിന്തുണയും അദ്ദേഹം ഉറപ്പുനൽകി.

അന്തർസർവ്വകലാശാലാ സുസ്ഥിര ജൈവ-കാർഷിക കേന്ദ്രത്തിന്റെ ഓഫീസിന്റെയും പരീക്ഷണശാല യുടേയും ഉദ്ഘാടനം ഏറ്റുമാനൂർ എം.എൽ.എ. സുരേഷ്കുറുപ്പ് നിർവ്വഹിച്ചു. ഏറ്റവും മികച്ച സർവ്വകലാ ശാലയ്ക്കുള്ള ചാൻസിലേഴ്സ് ട്രോഫി നേടിയ മഹാത്മാഗാന്ധി സർവ്വകലാശാലയെ എം.എൽ.എ അഭിനന്ദി ച്ചു. വൈസ്ചാൻസിലർ ഡോ.ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു. പ്രോ വൈസ് ചാൻസിലർ ഡോ.ഷീനാ ഷുക്കൂർ സ്വാഗതവും സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ.പി.കെ.ഹരികുമാർ, കെ ഷറഫുദ്ദീൻ, ഡോ. ആർ. പ്രഗാഷ് എന്നിവർ ആശംസയും അർപ്പിച്ചു. ചടങ്ങിൽ അക്കാദമിക ഗവേഷണ രംഗത്തെ സമ ഗ്ര സംഭാവനയ്ക്ക് ഐ.ഐ.യു.സി.എൻ.എൻ ഡയറക്ടർ പ്രൊഫ.സാബുതോമസിനും സ്ത്യുത്യർഹമായ സേവനത്തിന് കെ.സിഅനീഷ്കുമാറിനും വിദ്യാഭ്യാസ മന്ത്രി പുരസ്കാരങ്ങൾ വിതരണം ചെയ്തു. രജിസ് ട്രാർ എം. ആർ. ഉണ്ണി കൃതജ്ഞത രേഖപ്പെടുത്തി

അടിക്കുറുപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ആരംഭിക്കുന്ന ബിസിനസ്സ് ഇൻകുബേഷൻ ആന്റ് ഇന്നൊവേഷൻ സെന്ററിന്റെയും നാനോസ്കെയിൽ സോളാർ സെൽസ് പദ്ധതിയുടെയും ഉദ്ഘാടനവും സയൻസ് പാർക്കി ന്റെ ശിലാസ്ഥാപനവും സർവ്വകാലാശാല അസംബ്ലിഹാളിൽ വിദ്യാഭ്യാസ വകുപ്പു മന്ത്രി പ്രൊഫ. സി രവീ ന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു. സുരേഷ്കുറുപ്പ് എം.എൽ.എ വൈസ്ചാൻസിലർ ഡോ.ബാബു സെബാ സ്റ്റ്യൻ, പ്രോ വൈസ് ചാൻസിലർ ഡോ.ഷീനാ ഷുക്കൂർ, സിൻഡിക്കേറ്റ് അംഗം കെ ഷറഫുദ്ദീൻ, രജിസ്ട്രാർ എം. ആർ. ഉണ്ണി എന്നിവർ സമീപം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**